# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 16 No. 7 | PUBLISHED FROM DELHI | PRICE Rs. 3/- | JULY 2012

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് ഏഴാം വർഷത്തിലേക്ക്

**അടൂർ:** ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ പ്രവർത്തനം ഏഴാമതു വർഷത്തിലേക്ക് പ്രവേശിച്ചു. 2006 ജൂൺ മാസത്തിൽ ചെറിയ നിലവാരത്തിൽ ആരംഭിച്ച കോളജ് വിജയകരമായ ആറ് പ്രവർത്തന വർഷങ്ങൾ പൂർത്തീകരിച്ചു. ഏഴാംവർഷത്തിലെ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉത്ഘാടനം ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റും ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് ഡയറക്ടറുമായ പാസ്റ്റർ എം.സാമുവേൽകുട്ടി നിർവ്വഹിച്ചു. 2012 ജൂൺ 10ന് കോളജ് അങ്കണത്തിൽ വച്ച് നടന്ന ഉത്ഘാടന സമ്മേളനത്തിൽ കോളജ് പ്രിൻസിപ്പൽ പാസ്റ്റർ ബിജു ബഞ്ചമിൻ അദ്ധ്യക്ഷത വഹിച്ചു. ചെറിയ തുടക്കങ്ങളെ തുച്ഛീകരിക്കാത്ത ദൈവത്തിന്റെ കൃപയെക്കുറിച്ച് പാസ്റ്റർ എം. സാമുവൽകുട്ടി ഉത്ഘാടന പ്രസംഗത്തിൽ പ്രസ്താവിച്ചു. ദൈവവചനത്തോട് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് പൂർണ്ണമായും വിശ്വസ്തത പുലർത്തുമെന്നും ഈ കോളജിൽ നടത്തുന്ന എല്ലാ പരിശീലനങ്ങളിൽ കൂടെയും ത്യാഗപരമായ ശിഷ്യത്വ പരിശീലനം ഹൃദയംഗമായി വിദ്യർത്ഥികൾക്ക് നൽകുമെന്നും ഈ പുതിയ വർഷത്തിൽ ദൈവവചന പഠനത്തിൽ വിദ്യർത്ഥികൾക്ക് മികവുണ്ടാകുവാനും അവരിൽ കൂടി അനേകരെ ദൈവമക്കളാക്കി തീർക്കുവാനും ഈ കോളജ് പ്രതിജ്ഞാബദ്ധരായിരിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. പാസ്റ്റർ ജോൺ ഫിലിപ്പോസ് (യു.എസ്സ്.എ) മുഖ്യപ്രഭാഷകനായിരുന്നു. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ നടത്തിവരുന്ന വിവിധ സാമൂഹിക-സുവിശേഷീകരണ പ്രവർത്തനങ്ങളെ

(ശേഷം രണ്ടാം പേജിൽ)




*ഉത്ഘാടന യോഗത്തിൽ എഫ്.സി.ബി.സി. ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടി സംസാരിക്കുന്നു. കോളജ്. പ്രിൻസിപ്പൽ പാസ്റ്റർ ബിജു ബഞ്ചമിൻ സമീപം*

## ക്യാഷ് അവാർഡ് വിതരണം

**അടൂർ:** പത്താം ക്ലാസ്സ്, പ്ലസ്സ് ടു പരീക്ഷകൾ പാസ്സായ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കായി ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ എല്ലാ വർഷങ്ങളിലും നൽകി വരാറുള്ള ക്യാഷ് അവാർഡുകളും പ്രഫഷനൽ കോഴ്സുകളിൽ പഠിക്കുന്നവർക്കുള്ള വിദ്യാഭ്യാസ സഹായവും ഇത്തവണയും വിതരണം ചെയ്തു. 2012 ജൂൺ 10 ഞായറാഴ്ച ഉച്ച കഴിഞ്ഞ് മൂന്ന് മണിക്ക് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് അങ്കണത്തിൽ വച്ച് നടന്ന സമ്മേളനത്തിൽ അവാർഡുകളും വിദ്യാഭ്യാസ സഹായവും പാസ്റ്റർ എം. സാമുവൽകുട്ടി, മിസിസ്സ് ഗ്രേസി ഫിലിപ്പ് (യു.എസ്സ്.എ.), ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ ട്രഷറാർ ബ്രദർ ചെറിയാൻ ഡാനിയേൽ (ഡൽഹി) എന്നിവർ വിതരണം ചെയ്തു. എസ്.എസ്.എൽ.സി., പ്ലസ്സ് ടു പാസ്സായ 10 വിദ്യാർത്ഥികളും പ്രഫഷനൽ കോഴ്സ്സുകൾക്ക് പഠിക്കുന്ന എട്ട് വിദ്യാർത്ഥികളും അവാർഡ് ഏറ്റ് വാങ്ങി. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉയർന്ന ഗ്രേഡ് നേടുന്നവർക്കുവേണ്ടി ബ്രദർ ഗോഡ്സൺ കെ. ശീലാസ് ഏർപ്പെടുത്തിയ പ്രത്യേക അവാർഡ് ഗോഡ്സന്റെ മാതാവ് സിസ്റ്റർ ദീനാമ്മ ശീലാസ് ഫെയ്ത്ത് ഫെലോഷിപ്പ് പഴകുളം സഭാംഗമായ ബ്രദർ ജോജി ജോൺസന് നൽകി.

ബ്രദർ ഷെറിൻ വർഗ്ഗീസ് (ന്യൂയോർക്ക്) ആണ് ഇത്തവണയും എം.കെ. തോമസ് മെമ്മോറിയൽ അവാർഡ് സ്പോൺസർ ചെയ്തത്. ഈ വർഷം 54500/- രൂപാ വിതരണം ചെയ്തു.



*ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ ട്രഷറാർ ബ്രദർ ചെറിയാൻ ഡാനിയേൽ ക്യാഷ് അവാർഡുകൾ വിതരണം ചെയ്യുന്നു. പാസ്റ്റർ എം. സാമുവൽകുട്ടി സമീപം*

## വിദ്യാഭ്യാസ സെമിനാറും പഠനോപകരണ വിതരണവും

**അടൂർ:** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് കേരളാ റീജൺ പുത്രികാസംഘടനകളുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസ ബോധവത്കരണ സെമിനാറും പഠനോപകരണങ്ങളുടെ വിതരണവും നടന്നു. 2012 ജൂൺ 9 ശനിയാഴ്ച അടൂർ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയിൽ വച്ച് നടന്ന സെമിനാർ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി ഉത്ഘാടനം ചെയ്തു. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശവും ബോധവത്കരണവും ഏക്കാലത്തെക്കാളും ഇന്ന് ആവശ്യമെന്ന് അദ്ദേഹം പറഞ്ഞു. യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാണ്. ദൈവഭക്തിയിൽ വളരുന്നവർക്ക് മാത്രമേ ശരിയായ വിജയം നേടുവാൻ കഴികയുള്ളൂ. ജീവിത വിജയത്തിന് ലക്ഷ്യബോധം ആവശ്യമാണ്. ഇങ്ങനെയുള്ള സെമിനാറുകൾ വിദ്യാർത്ഥികളെ ലക്ഷ്യബോധത്തിലെത്തുവാൻ സഹായിക്കും എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് കേരള റീജൺ പ്രസിഡന്റ് പാസ്റ്റർ സുമേഷ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് അദ്ധ്യാപകരായ പാസ്റ്റർ എബി ജോർജ്ജ്, പാസ്റ്റർ മനോജ് മങ്ങാട് എന്നിവർ വിവിധ സെഷനുകളിൽ ക്ലാസ്സുകൾ നയിച്ചു. മൂല്യാധിഷ്ഠിതമായ ജീവിതം കെട്ടിപ്പടുക്കുവാൻ പത്തു കൽപ്പനകൾ ഉത്തമ വഴികാട്ടിയാണ്. പാസ്റ്റർ എബി ജോർജ്ജ് പ്രസ്താവിച്ചു. വിദ്യാഭ്യാസത്തിന്റെ വിവിധ സാദ്ധ്യതകളെക്കുറിച്ച് പാസ്റ്റർ മനോജ് മങ്ങാട് സംസാരിച്ചു. എന്ത് പഠിക്കണം, എങ്ങനെ പഠിക്കണം, എന്തിന് പഠിക്കണം എന്ന് അദ്ദേഹം വിശദീകരിച്ചു. ജീവിതത്തിൽ ഒരു ലക്ഷ്യമുണ്ടായിരിക്കണമെന്നും ആ നല്ല ലക്ഷ്യത്തിലേക്ക് എത്തുന്നതിന് നാം നന്നായി പഠിക്കണമെന്നും പാസ്റ്റർ മനോജ് എടുത്തു പറഞ്ഞു.

ഉച്ചയ്ക്ക് ശേഷം നടന്ന പഠനോപകരണ വിതരണ സമ്മേളനത്തിന് എഫ്.എഫ്.സി. കേരളാ റീജൺ സെക്രട്ടറി പാസ്റ്റർ ഡി. ലാസർ അദ്ധ്യക്ഷത വഹിച്ചു. എൽ.കെ.ജി. മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. എഫ്.എഫ്.സി പുത്രികാസംഘടനകളുടെ ഈ സംയുക്ത സംരംഭത്തിന് പാസ്റ്റർ സുമേഷ്, ഇവാ. ജോൺസൺ ഡാനിയേൽ (എഫ്.സി.വൈ.എം), പാസ്റ്റർ എബി എം. ജോൺ, ഇവാ. ബേബി ജോസഫ്, ബ്രദർ സാമുവേൽ (സണ്ടേസ്ക്കൂൾ), സിസ്റ്റർ ലില്ലി ജോയി, സിസ്റ്റർ എൽസി വർഗ്ഗീസ് (സഹോദരി സമാജം), ഇവാ. സാം വില്ല്യം (എഫ്.സി.എം.എഫ്.) എന്നിവർ നേതൃത്വം നൽകി.



*പാസ്റ്റർ ബിജു ബഞ്ചമിൻ പഠനോപകരണ വിതരണം നിർവ്വഹിക്കുന്നു. പാസ്റ്റർമാരായ ഡി. സുമേഷ്, എം. സാമുവൽകുട്ടി, ഡി. ലാസർ, ഡി. ജോൺ, മനോജ് തമ്പി, വി.എം. ഏബ്രഹാം എന്നിവർ വേദിയിൽ*

## കാൽക്കാജി വി.ബി.എസ്സ്. 2012 സമാപിച്ചു

**ന്യൂഡൽഹി:** ഫെയ്ത്ത് ഫെലോഷിപ്പ് കാൽക്കാജി സഭയുടെ ആഭിമുഖ്യത്തിൽ ജൂൺ 18 മുതൽ 24 വരെ നടന്നുവന്ന വി.ബി.എസ്സിന് വർണ്ണാഭമായ പര്യവസാനം. 18-ാം തീയതി രാവിലെ 8.30ന് ആരംഭിച്ച രജിസ്ട്രേഷനു ശേഷം കൃത്യം 9.30ന് പാസ്റ്റർ ജെയിംസ് ഉമ്മൻ (പി.എം.ജി., ആശ്രമം) പ്രാർത്ഥിച്ചാരംഭിച്ച വി.ബി.എസ്സ്. പാസ്റ്റർ റജി ചേക്കുളം ഉത്ഘാടനം ചെയ്തു. ഈ വർഷത്തെ ചിന്താവിഷയം *പുതുക്കം പ്രാപിക്കുക* എന്നതായിരുന്നു. സിസ്റ്റർ നിധി റ്റിറ്റോ, ബ്രദർ ജെയിംസൺ സ്റ്റീഫൻ, സിസ്റ്റർ ബ്ലെസ്സി സാമുവൽ, ബ്രദർ ഡെന്നിസ് ബാബു എന്നിവർ കുരുന്നുകളെ ഗാനങ്ങൾ,

(ശേഷം രണ്ടാം പേജിൽ)




*വി.ബി.എസ്സിനോട് അനുബന്ധിച്ച് നടന്ന സമാപന യോഗത്തിൽ കുട്ടികൾ അവതരിപ്പിച്ച വെൽക്കം സോങ്ങിന്റെ ഒരു ദൃശ്യം*

പത്രാധിപ ലേഖനം.......

# നമ്മുടെ തെരയൽ യന്ത്രം



*ഹിന്ദുസ്ഥാൻ ടൈംസിൽ* ഒന്നാം പേജിൽ വന്ന വാർത്ത (ജൂൺ 30, 2012) കൗതുകമുണർത്തുന്നതായിരുന്നു. ഇന്ത്യയിൽ വലുതും ചെറുതുമായ പട്ടണങ്ങളിൽ താമസിക്കുന്ന ചില മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾക്ക് പേരിട്ടിരിക്കുന്നത് ഗൂഗിൾ എന്നത്രെ. വേറിട്ട ഒരു പേര് കുട്ടിക്ക് നൽകണമെന്ന നിർബന്ധ ബുദ്ധി മാത്രമായിരുന്നില്ല, കുട്ടിയുടെ വ്യക്തിത്വവുമായി ബന്ധമുള്ള ഒരു പേരിടണമെന്ന ആഗ്രഹവും കൂടിയായിരുന്നു ഇത്തരം ഒരു പേരിട്ടതിന്റെ പിന്നിലെ കാരണമെന്ന് ഒരു മാതാവ് വെളിപ്പെടുത്തി. ഇവരുടെ മൂന്ന് വയസ്സുള്ള മകൻ എന്തു നഷ്ടപ്പെട്ടാലും അത് നിമിഷനേരംകൊണ്ട് തിരഞ്ഞുപിടിച്ചുകൊണ്ടുവരും. ഒരു പിതാവ് പറയുന്നത് സദാ ചുറ്റും തിരഞ്ഞുകൊണ്ടിരിക്കുന്ന കണ്ണുകളാണ് അദ്ദേഹത്തിന്റെ നവജാത ശിശുവിന്റേതെന്നതിനാൽ അവന് ഗൂഗിൾ എന്നു പേരിട്ടുവെന്നാണ്. മറ്റൊരാളുടെ നാലു വയസ്സുള്ള മകൻ എന്തും ഗൂഗിളിൽ തിരയുന്നതുകൊണ്ടാണ് ആ പേരിന് അർഹനായത്. മന:ശാസ്ത്രജ്ഞൻ പുൽകിത് ശർമ്മ പറയുന്നത്, അവരുടെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം കണ്ടുപിടിക്കുന്ന വലിയതും സമർത്ഥവും സൗഹാർദ്ദപരവും ലളിതവുമായ സേർച്ച് എൻജിൻ (തെരയൽ യന്ത്രം) ആയിട്ടാണ് മാതാപിതാക്കൾ ഗൂഗിളിനെ കാണുന്നത്. കുട്ടികളെ സവിശേഷമായ വ്യക്തിത്വത്തിന്റെ ഉടമകളാക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി വ്യത്യസ്തതയുള്ള, വേറിട്ടു നിൽക്കുന്ന പേരുകൾ അന്വേഷിക്കുമ്പോൾ ഒരു ശാസ്ത്രീയ ദൈവംപോലെ തോന്നിക്കുന്ന ഗൂഗിളിനെ ഇഷ്ടപ്പെട്ടുപോകുന്നത്. വാസ്തവത്തിൽ, 2005ൽ സ്വീഡിഷ് ദമ്പതികളാണ് ആദ്യമായി ഗൂഗിൾ എന്ന് കുട്ടിയെ നാമകരണം ചെയ്തത്.

വിവരസാങ്കേതിക വിദ്യ ലോകത്തിൽ നിലവിൽ വന്നത് കംപ്യൂട്ടറുകളുടെ കണ്ടുപിടുത്തത്തിനു ശേഷമുള്ള ഇന്റർനെറ്റിന്റെ ആഗമനത്തോടുകൂടിയാണ്. ഇന്റർനെറ്റിൽ നൽകിയിരിക്കുന്ന വിവരങ്ങളിലേക്ക് ചെന്നെത്തുവാൻ സഹായിച്ച തെരയൽ ഉപകരണങ്ങളിൽ (Search Tools) പ്രഥമം അലൻ എംടിജ് (Allan Emtage), ബിൽ ഹീലാൻ (Bill Heelan), ജെ. പീറ്റർ ഡോയ്ച്ച് (J. Peter Deustch) എന്നിവർ ചേർന്ന് 1990ൽ വികസിപ്പിച്ച ആർച്ചി (Archie) ആണ്. ആർക്കൈവ്സ് (പഴയ രേഖകൾ സൂക്ഷിക്കുന്ന സ്ഥലം) എന്ന വാക്ക് ലോപിച്ചാണ് ആർച്ചി ഉണ്ടായതെങ്കിലും വിഖ്യാതമായ ആർച്ചി എന്ന കൊമിക്സ് പരമ്പരയിലെ കഥാപാത്രങ്ങളായ വെരൊണിക്ക (Veronica), ജഗ്ഹെഡ് (Jughead) എന്ന പേരുകളാണ് 1991ൽ മാർക്ക് മക് കാഹിൽ (Mark McCahill) വികസിപ്പിച്ചെടുത്ത തെരയൽ ഉപകരണങ്ങൾക്ക് നൽകിയത്. എന്നാൽ, ഇന്ന് വ്യാപകമായി പ്രചാരത്തിലുള്ള തെരയൽ യന്ത്രങ്ങളി(Web Search Engines)ൽ, മൗലികം 1993ൽ ഓസ്ക്കർ നൈർസ്ട്രേ (Oscar Nirestray) രൂപകൽപ്പന ചെയ്ത ഡബ്ല്യൂ 3 കാറ്റിലൊഗ് (W 3 Catalog) ആയിരുന്നു. ഇതിനെത്തുടർന്ന് പല തെരയൽ യന്ത്രങ്ങളും നിലവിൽ വരികയും ജനപ്രീതിയ്ക്കുവേണ്ടി തമ്മിൽ മത്സരിക്കുകയും ചെയ്തു. 1995ൽ ജെറി യാങ്ങ്, ഡേവിഡ് ഫിലോ (Jerry Yang, David Filo), എന്നിവർ ചേർന്ന് വികസിപ്പിച്ചെടുത്ത Yahoo! (യാഹൂ) ആയിരുന്നു പക്ഷേ, ഏറ്റവും ജനപ്രിയമായത്. തെരയൽ കൃത്യം വെബ് ഡയറക്ടറിയിൽ അധിഷ്ഠമായിരുന്നു എന്നത് മാത്രമായിരുന്നു ഇതിന്റെ ന്യൂനത. 2004ൽ ഈ കുറവ് പരിഹരിച്ച് Yahoo Search (യാഹൂ സേർച്ച്) എന്ന തെരയൽ യന്ത്രം രംഗപ്രവേശനം ചെയ്തു. എന്നാൽ, തെരയൽ യന്ത്രങ്ങളിൽ എല്ലാ അതിരുകളും ഭേദിച്ച് ജനപ്രീതിയിൽ ഒന്നാം സ്ഥാനം നിലനിർത്തി വരുന്നത് 1998ൽ നിലവിൽ വന്ന Google (ഗൂഗിൾ) ആണ്. ലാറി പേജും സെർജി ബ്രിനും (Larry Page, Sergey Brin) കൂടെ 1997ൽ ആണ് ഇതിന് മൗലിക രൂപം നൽകിയത്.

വ്യത്യസ്തങ്ങളായ പേജ് റാങ്കിങ്ങ് രീതി, അതിവേഗ തെരയൽ (Google Instant), സ്വകാര്യതാ നയം, തെരയൽ വിഭാഗങ്ങൾ എന്നിവ ഗൂഗിളിന്റെ ജനപ്രീയതയ്ക്ക് ആക്കം കൂട്ടി. എന്തു തെരഞ്ഞാലും ഗൂഗിളിൽ കിട്ടും എന്ന ഒരു പ്രതീതി കംപ്യൂട്ടർ ഉപയോഗിക്കാത്തവരിൽ പോലും ഉളവാക്കുവാൻ ഗൂഗിളിന് സാധിച്ചിട്ടുണ്ട്. ഈ ജനപ്രിയത മുതലാക്കി ഗൂഗിൾ ഇൻകോർപ്പറേറ്റഡ് ഇന്ന് ഒരു വമ്പൻ കമ്പനിയായി വളർന്നിരിക്കുന്നു. Google Search (ഗൂഗിൾ സേർച്ച്) വാക്കുകൾ തെരയുവാൻ ഉപയോഗിക്കുമ്പോൾ Google Images (ഗൂഗിൾ ഇമേജസ്) ചിത്രങ്ങൾ തിരയുവാനും ഗൂഗിൾ വീഡിയോസ് (Google Videos) വിഡിയോകൾ തിരയുവാനും സഹായിക്കുന്നു. കൂടാതെ പ്രമുഖ വീഡിയോ സൈറ്റായ യ്യൂറ്റൂബ് (youtube) ഇപ്പോൾ ഗൂഗിൾ ഏറ്റെടുത്തിരിക്കുകയാണ്. വാക്കുകൾ ഭാഷാന്തരം ചെയ്യുക, താപനില അറിയുക, സമകാലിക വാർത്തകൾ അറിയുക എന്നിവയ്ക്കുവേണ്ടിയുള്ള സംവിധാനങ്ങളും ഗൂഗിളിന്റെ സവിശേഷതകളാണ്. ഗൂഗിളിൽ തെരയുന്നതിന് ഗൂഗിൾ എന്ന ക്രിയാപദം വരെ ഇംഗ്ലിഷിൽ നിലവിൽ വന്നിരിക്കുകയാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലുമുള്ള പ്രവൃത്തികൾ അനായസമാക്കുവാൻ ഗൂഗിളിന് കഴിഞ്ഞിരിക്കുന്നു എന്നതാണ് ഈ തെരയൽ യന്ത്രത്തിന്റെ പ്രസക്തി. ഉദാഹരണത്തിന് എഴുതിക്കൊണ്ടിരിക്കുമ്പോൾ ഓർമ്മയില്ലാത്ത വാക്കുകൾ, പേരുകൾ, തീയതികൾ എന്നിവ ഓർത്തെടുക്കാൻ മനസിന് സമ്മർദ്ദം കൊടുക്കേണ്ട, പുസ്തകങ്ങൾ തേടിപ്പിടിച്ച് അവയിൽ തിരയേണ്ട. വിരൽത്തുമ്പുകൾ ഒന്ന് ചലിപ്പിച്ചാൽ അവ മുന്നിലുള്ള അഭ്രപാളിയിൽ പ്രത്യക്ഷപ്പെടും.

ഇത്രയും എളുപ്പം വിജ്ഞാനത്തിന്റെ ജാലകങ്ങൾ തുറന്നുതരുവാൻ തിരയൽ യന്ത്രങ്ങൾക്ക് സാധിക്കുന്നതിലാണ് വിവരസാങ്കേതിക വിപ്ലവം എന്നൊക്കെ നമ്മൾ പറയുന്നത്. പല പ്രവൃത്തികളും ചെയ്യുവാൻ വേണ്ട നിർദ്ദേശങ്ങൾക്ക് ആളുകൾ തിരയൽ യന്ത്രങ്ങളെ അഭയം പ്രാപിച്ചിരിക്കുന്ന അവസ്ഥയാണ് സംജാതമായിരിക്കുന്നത്. ഇതിൽ നിന്നും ആത്മികരായ നമ്മൾക്ക് എന്തെല്ലാം പാഠങ്ങൾ ഉൾക്കൊള്ളാം? കംപ്യൂട്ടറും അതിന്റെ അനുബന്ധങ്ങളും- തെരയൽ യന്ത്രം ഉൾപ്പെടെ-നാം പ്രയോജനപ്പെടുത്തണം. വിശേഷിച്ചും ദൈവരാജ്യത്തിന്റെ വിസ്തൃതിക്കായി. എന്നാൽ, ഇവയുടെ ദുരുപയോഗം ജീവിതത്തെ ദോഷകരമായി ബാധിക്കാം. മറ്റൊരു കാര്യം, കംപ്യൂട്ടറുകൾ നിലവിൽ വരും മുമ്പേ നമുക്ക് ജീവിതത്തിന്റെ സമസ്ത മേഖലകൾക്കും ഉതകുന്ന അറിവുകളും നിർദ്ദേശങ്ങളും ലഭ്യമാകുവാൻ നൽകപ്പെട്ട ഒരു തെരയൽ യന്ത്രം ഉണ്ട്- ദൈവവചനം. ജീവിത പ്രതിസന്ധികളിൽ, വഴിത്തിരിവുകളിൽ, എങ്ങോട്ട് തിരിയണം, എങ്ങനെ മുന്നേറാം എന്നൊക്കെ വ്യക്തമായി ഗ്രഹിക്കുവാൻ ഈ തെരയൽ യന്ത്രം നമ്മെ സഹായിക്കും. ലോകത്തിൽ സംഭവിച്ചത്, സംഭവിച്ചുകൊണ്ടിരിക്കുന്നത്, സംഭവിക്കുവാൻ പോകുന്നത് എല്ലാം ദൈവ വചനത്തിൽ നമുക്ക് ദർശിക്കാം. ദൈവവചനം ആദിയിൽ ഉണ്ടായിരുന്നതും ഇപ്പോൾ ലിഖിതരൂപത്തിൽ ലഭ്യമായിരിക്കുന്നതുമാണ്. ലിഖിതമായി മാത്രമല്ല ഹൃദയത്തിൽ ശ്രവിക്കുന്ന ആത്മിക മന്ത്രണങ്ങൾ, ആത്മിക യോഗങ്ങളിൽ കേൾക്കുന്ന പ്രസംഗങ്ങൾ, പ്രബോധനങ്ങൾ എന്നിവയിൽ കൂടെ എല്ലാം ദൈവവചനം നമുക്ക് അനാവൃതമാകുന്നു. (വേദപുസ്തകം എന്ന ലിഖിതം ഇപ്പോൾ ഇലക്ട്രോണിക്ക് രൂപത്തിൽ ലഭ്യമാണ്; ദൈവവചന പഠനത്തിനും കംപ്യൂട്ടർ ഉപകരിക്കും). അതുകൊണ്ട് ഫലപ്രദമായ ഒരു ജീവിതം നയിക്കുവാൻ വേണ്ടിയുള്ള മാർഗ്ഗദർശനത്തിനായി ദൈവവചനത്തെ സമീപിക്കാം. "യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ചു വായിച്ചു നോക്കുവിൻ; അവയിൽ ഒന്നും കാണാതിരിക്കയില്ല; ഒന്നിനും ഇണ ഇല്ലാതിരിക്കയുമില്ല; അവന്റെ വായല്ലോ കല്പിച്ചത്; അവന്റെ ആത്മാവത്രെ അവയെ കൂട്ടിവരുത്തിയത്" (യെശയ്യാവ് 34:16).

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## വായനക്കാരുടെ ശ്രദ്ധയ്ക്ക്....

1. *വിശ്വാസി* പി.ഡി.എഫ്. ഫോർമാറ്റിൽ ലഭ്യമാകുവാൻ താല്പര്യമുള്ളവർ തങ്ങളുടെ ഇ-മെയിൽ വിലാസം അയച്ചുതരേണ്ടതാണ്.

2. **www.indianchristianmission.com** എന്ന വെബ്സൈറ്റിന്റെ VISWASI എന്ന ലിങ്കിൽ പോയി മാസിക ഡൗൺലോഡ് ചെയ്യാവുന്നതാണ്.

3. ഐ.സി.എം. നടത്തുന്ന സവിശേഷ പരിപാടികളുടെ വീഡിയോ ക്ലിപ്പിങ്ങുകൾ യൂട്യൂബിൽ ICM Delhi എന്ന് ടൈപ്പ് ചെയ്താൽ ലഭ്യമാകും.

www.indianchristianmission.com, www.icmvideo.blogspot.in എന്നീ സൈറ്റുകളിൽ യ്യൂട്യൂബിന്റെ ലിങ്ക് നൽകിയിട്ടുണ്ട്.

4. *വിശ്വാസി*യുടെ പത്രാധിപലേഖനങ്ങൾ www.viswasi.blogspot.com ൽ ലഭ്യമാണ്.

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ....

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

പ്രത്യേകിച്ച്, ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ പ്രവർത്തനങ്ങളെ അദ്ദേഹം അനുമോദിച്ചു. പാസ്റ്റർ ഡി. ലാസർ, മുൻ വിദ്യാർത്ഥി ഇവാ. ജോയി ജോസഫ്, ബ്രദർ ചെറിയാൻ ഡാനിയൽ (ഡൽഹി) എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. പാസ്റ്റർ ഷാജി എസ് പുതിയ വിദ്യാർത്ഥികളെ സ്വാഗതം ചെയ്യുകയും കോളേജിന്റെ വിവിധ കോഴ്സുകൾ പരിചയപ്പെടുത്തുകയും ചെയ്തു. യോഗത്തിൽ പാസ്റ്റർ സുമേഷ് സ്വാഗതവും പാസ്റ്റർ ബോബി പി ജോൺ നന്ദിയും പറഞ്ഞു. പുതിയ അദ്ധ്യയന വർഷത്തിൽ 35 വിദ്യാർത്ഥികൾ വിവിധ കോഴ്സുകളിലായി പഠിക്കുന്നു.

## കാൽക്കാജി വി. ബി. എസ്സ്....

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ആക്ഷൻ സോങ്ങുകൾ, കഥകൾ, കളികൾ എന്നിവ പരിശീലിപ്പിച്ചു. ബിഗിനേഴ്സ്, പ്രൈമറി, ജൂനിയേഴ്സ്, ഇന്റർമിഡിയറ്റ്, സീനിയേഴ്സ് എന്നീ ക്ലാസുകൾക്ക് യഥാക്രമം സിസ്റ്റർ ബ്ലെസ്സി സാമുവൽ, സിസ്റ്റർ സുമി വർഗ്ഗീസ്, പാസ്റ്റർ റ്റി.ഡി. സുധാകരൻ, സിസ്റ്റർ ആൻസി സന്തോഷ്, പാസ്റ്റർ റ്റി.എം. ജോസഫ് എന്നിവർ അദ്ധ്യാപകരായി സേവനം അനുഷ്ഠിച്ചു. കഴിഞ്ഞ വർഷങ്ങളിലേതുപോലെ തന്നെ ഓരോ ദിവസവും പ്രാർത്ഥനാദിനം, ശുദ്ധിദിനം, സ്നേഹവിരുന്ന് ദിനം, സമർപ്പണ ദിനം, താലന്തുദിനം എന്നിങ്ങനെ ആചരിക്കപ്പെട്ടു. നൂറ്റിപ്പത്ത് കുട്ടികൾ വി.ബി.എസ്സിൽ പങ്കെടുത്തു.

24-ാം തീയതി ഉച്ചകഴിഞ്ഞ് 4.30 മുതൽ നടന്ന സമാപന സമ്മേളനത്തിൽ പാസ്റ്റർ എൻ. പി. ഫിലിപ്പ് അധ്യക്ഷനായിരുന്നു. പാസ്റ്റർ ജെയിംസ് ഉമ്മൻ പ്രാർത്ഥിച്ചാരംഭിച്ച സമ്മേളനത്തിൽ ഓരോ ക്ലാസ്സിലേയും കുഞ്ഞുങ്ങൾ വർണ്ണശബളമായ വിവിധ പരിപാടികൾ അവതരിപ്പിച്ചു. *പുതുക്കം പ്രാപിക്കുക* എന്ന വിഷയത്തെ ആസ്പദമാക്കി ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി മുഖ്യസന്ദേശം നൽകി. വി.ബി.എസ്സ്. കുഞ്ഞുങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ പാസ്റ്റർ എം. സാമുവൽകുട്ടിയും, സമ്മാനങ്ങൾ മിസിസ് എലിസബത്ത് സാമുവലും വിതരണം ചെയ്തു. പാസ്റ്റർമാരായ ജെയിംസ് ഉമ്മൻ, അനിയൻ സാമുവൽ, റ്റി.ഡി. സുധാകരൻ, സഹോദരന്മാരായ ചെറിയാൻ ഡാനിയേൽ, ബിനിൽ കെ. നൈനാൻ, കുരുവിള ശാമുവേൽ എന്നിവർ ആശംസകൾ അറിയിച്ചു. ബ്രദർ ശീലാസ് സാമുവേൽ സ്വാഗതവും, പാസ്റ്റർ ബിനോയി പി. ജോൺ നന്ദിയും പ്രകാശിപ്പിച്ചു. പാസ്റ്റർ അജയ് ഡേവിഡ് പ്രാർത്ഥിച്ച് കൃത്യം 8.30ന് വി.ബി.എസ്സ്. 2012ന് പരിസമാപ്തി കുറിച്ചു.

പാസ്റ്റർ ബിനോയി പി. ജോണിനോടൊപ്പം പാസ്റ്റർ ബിനു ജോൺ, സഹോദരൻ ശീലാസ് സാമുവൽ എന്നിവർ ഡയറക്ടർമാരായി സേവനം അനുഷ്ഠിച്ചു.


### വരിസംഖ്യ

വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ, |
| ഗൾഫ് | :300 രൂപ, |
| യു.എസ് | :10 $, |
| കാനഡ | :10 $ |


### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ,വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


### എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്

തോമസ് ഡാനിയേൽ

പാസ്റ്റർ ബിജു ബഞ്ചമിൻ

ജോൺ ടി. വർഗ്ഗീസ്

ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ

ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

# വിശ്വാസിയും രക്ഷയും



**പാസ്റ്റർ ബിജു തങ്കച്ചൻ**
**മുംബൈ**

ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനശിലയാണ് രക്ഷ. യഥാർത്ഥ വിശ്വാസ ജീവിതം ആരംഭിക്കുന്നത് തന്നെ രക്ഷിക്കപ്പെടുക എന്ന അതുല്യ അനുഭവത്തിലൂടെയാണ്. വിശുദ്ധ വേദപുസ്തകത്തിന്റെ സന്ദേശം തന്നെ ദൈവം കാലാകാലങ്ങളായി തന്റെ ജനത്തിനു വേണ്ടി ഒരുക്കുന്ന രക്ഷാപദ്ധതികളുടെ വെളിപ്പാടുകളാണ്. രക്ഷകനായ മശിഹയേയും ക്രൂശിലൂടെ ഒരുക്കപ്പെട്ട രക്ഷയേയും അനുഭവിച്ചറിയാത്ത ആർക്കും യഥാർത്ഥ ക്രിസ്ത്യാനിത്വം സാധ്യമല്ല.

**രക്ഷ പഴയ നിയമത്തിൽ**

രക്ഷ എന്ന വാക്കിന് എബ്രായ ഭാഷയിൽ യസാ എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ഏകദേശം 353 പ്രാവശ്യം പഴയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന ഈ പദത്തിന് വിശാലത അഥവാ നിർവിഘ്നം വിഹരിക്കത്തക്ക സ്ഥിതി എന്നും സുരക്ഷിതത്വം എന്നും അർത്ഥം ഉണ്ട്. മുമ്പിലുള്ള തടസ്സങ്ങളേയും ശത്രുക്കളേയും തുരത്തി മുന്നേറുവാനുള്ള വിശാലത നൽകുക എന്ന അർത്ഥമാണ് പഴയ നിയമം നൽകുന്നത്. മിസ്രയീമിൽ നിന്നും ദൈവം ഒരുക്കുന്ന രക്ഷ കണ്ടുകൊൾവാൻ മോശെ യിസ്രായേൽ മക്കളോട് പറയുമ്പോഴും (പുറപ്പാട് 14:13), നീ യിസ്രായേലിനെ മിദ്യാന്യരുടെ കയ്യിൽ നിന്നും രക്ഷിക്കും എന്ന് ഗിദയോനോട് പറയുമ്പോഴും (ന്യായാധിപന്മാർ 6:14), ഫെലിസ്ത്യരുടെ കയ്യിൽ നിന്നും ജനത്തെ രക്ഷിപ്പാൻ നിയോഗിക്കപ്പെട്ട ശൗലിനെ കുറിച്ച് ശമുവേലിനോട് പറയുമ്പോഴും (1ശമുവേൽ 9:16) രക്ഷ എന്ന വാക്കിനാൽ അർത്ഥമാക്കുന്നത് ശത്രുക്കളുടെ കയ്യിൽ നിന്നുള്ള വിടുതലാണ്. ചുരുക്കി പറഞ്ഞാൽ വിവിധ ആപത്തുകളിൽ നിന്നും വിപത്തിൽ നിന്നും ശത്രുവിൽ നിന്നും ലഭ്യമാകുന്ന വിടുതലിന് രക്ഷ എന്ന പദം പഴയ നിയമത്തിൽ പ്രയോഗിച്ചിരിക്കുന്നു.

**രക്ഷ പുതിയ നിയമത്തിൽ**

പുതിയ നിയമ അടിസ്ഥാനത്തിൽ രക്ഷ എന്ന വാക്കിന്റെ അർത്ഥം ശിക്ഷയിൽ നിന്നുള്ള വിടുതൽ എന്ന് സംക്ഷേപിക്കാവുന്നതാണ്. ആദാമിന്റെ അനുസരണക്കേടിനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു (റോമർ 5:12). സകല മനുഷ്യരും പാപികൾ ആണെന്ന് വിശുദ്ധ വേദപുസ്തകം അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. നിഷ്പാപാവസ്ഥയിൽ ജീവിതം ആരംഭിച്ച മനുഷ്യൻ പാപത്തിന്റെ ദാസനും ശിക്ഷയ്ക്ക് പാത്രവുമായി. പാപികളായ ആദാമ്യകുലത്തെ അകമഴിഞ്ഞ് സ്നേഹിച്ച പിതാവാം ദൈവം (യോഹന്നാൻ 3:16), സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏൽപ്പിച്ചുതന്നു. (റോമർ 8:32). ദൈവരൂപവും ദൈവസമത്വവും ഉപേക്ഷിച്ച് മനുഷ്യരൂപത്തിൽ അഥവാ ദാസരൂപത്തിൽ തന്നെത്താൻ താഴ്ത്തി യേശുക്രിസ്തു ഭൂമിയിലേക്ക് അവതരിച്ചു. അവൻ സ്വയം ശൂന്യമാക്കി (Kenosis) നമ്മെ രക്ഷിപ്പാൻ കടന്നുവന്നു (ഫിലിപ്പിയർ 2:6-8). പാപരഹിതനായ ക്രിസ്തു പാപികളായ മാനവർക്കുവേണ്ടി യാഗമായി. ക്രൂശിൽ ചൊരിഞ്ഞ നിഷ്പാപ രക്തത്തിന്റെ ഫലമായി കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെടുവാനുള്ള നവമാർഗ്ഗം തുറക്കപ്പെട്ടു. പുതിയ നിയമത്തിൽ രക്ഷിക്കുക (സോബെയിൻ) രക്ഷിതാവ് (സോട്ടേർ) എന്നീ പദങ്ങൾ രക്ഷയോടുള്ള ബന്ധത്തിൽ കാണുന്നു. ഗ്രീക്ക് ചിന്തയിൽ പ്രാധാന്യം ഉള്ളതും ഗ്രീക്ക് ദേവന്മാരുടെ പേരുകളോട് സാമ്യം ഉള്ളതുമായ സോറ്റേറിയ (Soteria) എന്ന വാക്കാണ് രക്ഷ എന്ന പദത്തിനായി പുതിയ നിയമത്തിൽ കൊടുത്തിരിക്കുന്നത്.

> *രക്ഷിതാവായ ക്രിസ്തുവിന്റെ മഹത്വത്തേയും അവനിലൂടെ ലഭ്യമായ വിലയേറിയ രക്ഷയേയും കുറിച്ചുള്ള വ്യക്തമായതും ആഴമേറിയതുമായ അറിവ് വിജയകരമായ ക്രിസ്തീയ ജീവിതത്തിന് അത്യന്താപേക്ഷിതമാണ്*

**ഇത്ര വലിയ രക്ഷ**

എബ്രായ ലേഖന കർത്താവ് ക്രിസ്തുവിലൂടെ ലഭ്യമാകുന്ന രക്ഷയുടെ വലിപ്പത്തെ ബോധ്യപ്പെടുത്തുവാൻ പരിശ്രമിക്കുന്നു (എബ്രായർ 2:3,4). മറ്റ് പലതിനേയും പലരേയും വലുതായി കാണാനും തന്മൂലം പഴയതിലേക്ക് മടങ്ങിപ്പോകുവാനുമുള്ള ഒരു പ്രവണത ദൈവജനത്തിന്റെ ഇടയിൽ പ്രബലപ്പെട്ടുന്നു എന്ന് ഗ്രഹിച്ച ലേഖനകർത്താവ് അവർക്ക് മുന്നറിയിപ്പ് നൽകുകയാണ്. മഹാനായ ക്രിസ്തുവിനെക്കുറിച്ചും അവനിലൂടെ ലഭിച്ച സൗജന്യരക്ഷയുടെ (നമുക്ക് സൗജന്യമായി ലഭിച്ചതെങ്കിലും വലിയ വില നല്കപ്പെട്ട) ശ്രേഷ്ഠതയെക്കുറിച്ചുമുള്ള അവബോധം ഇല്ലായ്മയാണ് അവരുടെ വികല മനോഭാവത്തിന് കാരണമെന്ന് ബോധ്യമായ ദൈവഭൃത്യൻ രക്ഷയുടെ ശ്രേഷ്ഠതയെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കുവാൻ ഉദ്യമിക്കുകയാണ്. രക്ഷിതാവായ ക്രിസ്തുവിന്റെ മഹത്വത്തേയും അവനിലൂടെ ലഭ്യമായ വിലയേറിയ രക്ഷയേയും കുറിച്ചുള്ള വ്യക്തമായതും ആഴമേറിയതുമായ അറിവ് വിജയകരമായ ക്രിസ്തീയ ജീവിതത്തിന് അത്യന്താപേക്ഷിതമാണ്. മണ്ണേ പ്രതി മാണിക്യം വെടിയുകയില്ല എന്ന് പറയണമെങ്കിൽ സുന്ദരനാം മനോഹരനെ, പതിനായിരങ്ങളിൽ സുന്ദരനായ ക്രിസ്തുവിനെ മനസ്സിലാക്കണം.

ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല (യോഹന്നാൻ 14:6) എന്ന ക്രിസ്തു വചനത്തിലൂടെ വ്യക്തമാകുന്നത് രക്ഷയ്ക്കുള്ള ഏകവഴി യേശുക്രിസ്തു മാത്രം എന്ന സനാതന സത്യമാണ്. തത്തുല്യമായി ഒരു മാർഗ്ഗമോ വ്യക്തിയോ രക്ഷ പ്രാപിക്കുവാൻ സഹായമായി മനുഷ്യർക്ക് ഇല്ലാത്തതിനാൽ യേശുക്രിസ്തുവിലൂടെയുള്ള രക്ഷ വിലയേറിയതാണെന്ന് വ്യക്തമാകുന്നു.

എല്ലാവർക്കുംവേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത ക്രിസ്തു (1തിമൊഥെയൊസ് 2:4-6) സകല മനുഷ്യരും രക്ഷ പ്രാപിക്കയും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുകയും വേണമെന്ന് ഇച്ഛിക്കുന്നു. ജാതി, മത, വർണ്ണ, വർഗ്ഗ വിവേചനമില്ലാതെ രക്ഷ സകലർക്കും സാധ്യമാകയാൽ ഇത് വലിയ രക്ഷയാണ്. നിത്യരക്ഷ (എബ്രായർ 5:9), നിത്യ ജീവൻ (യോഹന്നാൻ 10:28), എന്നേക്കുമുള്ള വീണ്ടെടുപ്പ് (എബ്രായർ 9:12) എന്നീ പദങ്ങൾ അർത്ഥമാക്കുന്നത് രക്ഷയുടെ പരിധിയില്ലായ്മയാണ്. ഇത്ര വലിയ വില നൽകിയ പരിമിതിയില്ലാത്ത രക്ഷ എത്ര മഹനീയമാണ്!

വലിയവനായ ദൈവം ഒരുക്കിയ ഇത്ര വലിയ രക്ഷ പ്രാപിക്കാതിരിക്കുന്നത് വലിയ നഷ്ടവും ഇത്ര വലിയ രക്ഷ പ്രാപിക്കുന്നത് വലിയ നേട്ടവും ആണെന്ന് സകലരും അറിയാതിരിക്കുന്നത് പിശാചിന്റെ വലിയ തന്ത്രമാണ്. ■

# ലഭിക്കാതെ പോയ സ്നേഹം

(നാലാം പേജിൽ നിന്ന് തുടർച്ച)

ഴ്പ്പെടുവാൻ ബുദ്ധിമുട്ടുള്ളവരായിരിക്കും. ഇത്തരത്തിൽ തകർന്ന എല്ലാം ബന്ധങ്ങളെയും ക്രിസ്തുവിലൂടെ പുനഃസ്ഥാപിക്കണം. ക്രൂരമായി പെരുമാറിയ മാതാപിതാക്കളോട് ക്ഷമിച്ച് അവരോടുള്ള ബന്ധം സംഘർഷ രഹിതമാക്കണം. വ്യവസ്ഥകൾ ഒന്നും കൂടാതെ അവരെ പൂർണ്ണമായി സ്നേഹിക്കണം.

**മാതാപിതാക്കളുടെ മരണം**

അപ്പന്റെയോ അമ്മയുടെയോ മരണം മനസ്സിൽ കടുത്ത ശൂന്യത സൃഷ്ടിക്കാം. ബാല്യകാലത്തിൽ തന്നെ സംഭവിക്കുന്ന അത്തരം വേർപാടുകൾ അവരുടെ സ്വഭാവത്തെ സാരമായി ബാധിക്കാം. ഒരു സുനാമി കഴിഞ്ഞപ്പോൾ എത്ര അനാഥകുഞ്ഞുങ്ങളാണ് ഈ ലോകത്തിൽ ശേഷിച്ചത്!

ഞാൻ ആസ്സാമിലെ ഒരു അനാഥശാലയിലായിരുന്നപ്പോൾ ഏഴു വയസ്സുള്ള ഒരു പൈതൽ തന്റെ വേദനിപ്പിക്കുന്ന അനുഭവം എന്നോട് പറഞ്ഞു. അവന്റെ മുഖത്ത് ഒരു വിഷാദം തളം കെട്ടിനിൽക്കുന്നത് ഞാൻ ശ്രദ്ധിച്ചിരുന്നു. മറ്റ് കുട്ടികൾ ചിരിച്ചു കളിക്കുമ്പോഴും അവൻ വിഷാദിച്ച് ഒരു മൂലയിൽ മാറിയിരുന്നു. അവന്റെ അപ്പനെ ഉൾഫാ തീവ്രവാദികൾ ഒരു രാത്രിയിൽ വീട്ടിൽ നിന്നു പിടിച്ചു പുറത്തിറക്കി. അവന്റെ അമ്മയും അവനും നിലവിളിച്ചു കൊണ്ട് നോക്കിനിൽക്കുമ്പോൾ തീവ്രവാദികൾ അവന്റെ അപ്പനെ വെടിവെച്ചു കൊന്നു. ഈ സംഭവത്തിൽ മനംനൊന്ത് തകർന്ന അമ്മ ചില ദിവസങ്ങൾക്കു ശേഷം തൂങ്ങിമരിച്ചു. അവന് എല്ലാവരെയും നഷ്ടപ്പെട്ടു. എത്ര ക്രൂരമാണ് ഈ ലോകം. ലോകം മനുഷ്യ മനസ്സുകളിൽ അടിച്ചേൽപ്പിക്കുന്ന അനാഥത്വങ്ങളിൽ നിന്നു യേശുവിന്റെ നാമത്തിൽ നാം പുറത്തു വരണം.

ചില കുഞ്ഞുങ്ങൾ അനാഥരായി തീരുന്നത് മാതാപിതാക്കളുടെ മരണം മൂലമല്ല. ഒരിക്കൽ ഒരു യോഗത്തിൽ ഞാൻ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ മുൻനിരയിലിരുന്ന ഒരു പെൺകുട്ടി മുഖം കുനിച്ചിരിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. യോഗാനന്തരം അവൾ എന്റെ അടുക്കൽ പ്രാർത്ഥനയ്ക്കായി വന്നു. ഗൾഫ് രാജ്യത്തിൽ ഭാര്യ ഉള്ള ഒരു മനുഷ്യൻ കേരളത്തിൽ വന്ന് സത്യം വെളിപ്പെടുത്താതെ വീണ്ടും വിവാഹം കഴിച്ചു. ആ ബന്ധത്തിൽ ജനിച്ചതായിരുന്നു ആ പെൺകുട്ടി. ചില നാളുകൾക്ക് ശേഷം അയാൾ വിദേശത്തേക്കു പോയി. പിന്നീട് ഒരിക്കലും മടങ്ങിവന്നില്ല. അയാൾക്ക് മറ്റൊരു ഭാര്യ ഉണ്ടെന്ന് ഇവളുടെ മാതാവ് അറിഞ്ഞു. ചില വർഷങ്ങൾക്കുശേഷം ഇവളുടെ അമ്മ വേറൊരു പുരുഷനെ വിവാഹം കഴിച്ചു. ഇവൾ നടുക്കടലിൽ ആയി. സ്വന്തം അപ്പനും അമ്മയും ജീവിച്ചിരിക്കുമ്പോൾ തന്നെ ഈ പെൺകുട്ടി അനാഥയായിത്തീർന്നു.

ബാല്യകാലത്തു പിതാവു മരിച്ചുപോയാൽ അങ്ങനെയുള്ള കുട്ടികൾ പിതാവിന്റെ സ്നേഹം മറ്റുള്ളവരിൽ നിന്ന് ആഗ്രഹിക്കും. ബാല്യത്തിൽ പിതാവ് മരിച്ചുപോയ ഒരു പെൺകുട്ടി വിവാഹം കഴിച്ചാൽ തന്റെ ഭർത്താവിൽ നിന്ന് അപ്പന്റെ സ്നേഹം കൂടെ ആഗ്രഹിക്കും. ലഭിക്കാതെ പോയ പിതാവിന്റെ സ്നേഹം സൃഷ്ടിച്ച ശൂന്യത അവളുടെ അബോധമനസ്സിലാണ്. അതുകൊണ്ട് ഭർത്താവിൽ നിന്ന് പിതാവിന്റെ സ്നേഹം കൂടെ ആഗ്രഹിക്കുന്നുണ്ട് എന്ന് അവൾ തിരിച്ചറിയില്ല. ഇത് കുടുംബത്തിൽ സംഘർഷങ്ങൾ സൃഷ്ടിക്കാം. ഭർത്താവിൽ നിന്ന് ലഭിക്കുന്ന സ്നേഹം അവൾക്ക് പോരാതെ വരും. ചിലപ്പോൾ ഭർത്താവിന് തന്നോട് സ്നേഹമില്ല എന്ന നിഗമനത്തിൽ വരെ അവൾ എത്തിച്ചേരും. യഥാർത്ഥത്തിൽ ഭർത്താവിന് ഒരിക്കലും കൊടുക്കുവാൻ കഴിയാത്ത പിതാവിന്റെ സ്നേഹം കൂടെ അവൾ ഭർത്താവിൽ നിന്നു പ്രതീക്ഷിക്കുന്നതുകൊണ്ടാണ് ഈ സംഘർഷം ഉളവാകുന്നത്.

ഈ ഭാഗം ഞാൻ ഒരിക്കൽ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു പെൺകുട്ടി വിടുവിക്കപ്പെട്ടു. അവളുടെ അഞ്ചാം വയസ്സിൽ പിതാവ് മരിച്ചുപോയി. പിതാവില്ലാതെയാണ് അവൾ വളർന്നത്. അടുത്തയിടെ അവളുടെ വിവാഹം കഴിഞ്ഞു. അവൾ നേരിട്ട ഏറ്റവും വലിയ പ്രതിസന്ധി ഭർത്താവ് അവളെ വേണ്ടുംവണ്ണം സ്നേഹിക്കുന്നില്ല എന്ന തോന്നലായിരുന്നു. "നിന്നെ ഞാൻ ഒത്തിരി സ്നേഹിക്കുന്നു" എന്നു ആ നല്ല ഭർത്താവ് അവളോട് പറയുമായിരുന്നു. എന്നാൽ, അവൾക്ക് സ്നേഹം പോരാതെ വന്നു. അവളുടെ അബോധമനസ്സിൽ പിതാവിന്റെ സ്നേഹം കൂടെ ഭർത്താവിൽ നിന്ന് ആഗ്രഹിച്ചതുകൊണ്ടാണ് ഇതു സംഭവിച്ചത്. സത്യം മനസ്സിലാക്കിയതോടുകൂടെ അവൾ അത്ഭുതകരമായി സ്വതന്ത്രയായി.

## നിയമിതനായി



പാലക്കാട് ഐ.പി.സി. പട്ടാമ്പി ഏരിയാ കൺവീനറായി പാസ്റ്റർ ചാക്കോ ദേവസ്യ നിയമിതനായി.

അപ്പന്റെയോ അമ്മയുടെയോ മരണം മൂലം ലഭിക്കാതെ പോകുന്ന സ്നേഹം മറ്റാർക്കും തരുവാൻ കഴിയില്ല. ഇന്നലെയും ഇന്നും എന്നെന്നേയ്ക്കും അനന്യനായ യേശുവിനു മാത്രമേ ആ സ്നേഹം നമുക്ക് നൽകുവാൻ കഴിയുകയുള്ളു. യേശു നമ്മുടെ അപ്പനും അമ്മയുമാണ്. സകല ശൂന്യതകളെയും നമുക്ക് യേശുവിന്റെ സ്നേഹം കൊണ്ട് നിറയ്ക്കാം.

*(ലേഖകന്റെ 'ആന്തരിക സൗഖ്യം' എന്ന പുസ്തകത്തിൽ നിന്ന്)*

(തുടരും...)

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

ആന്തരിക സൗഖ്യം

# ലഭിക്കാതെ പോയ സ്നേഹം



**ഫിന്നി സ്റ്റീഫൻ സാമുവൽ**
**അരുണാചൽ പ്രദേശ്**

**മാതാപിതാക്കളുടെ ക്രൂരത (CRUELTY OF PARENTS)**

*"വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകെയ്ക്കുന്നു; അവനെ സ്നേഹിക്കുന്നവനോ ചെറുപ്പത്തിലേ അവനെ ശിക്ഷിക്കുന്നു" (സദൃശ്യവാക്യങ്ങൾ 13:24).*

ദൈവവചനപ്രകാരമുള്ള ശിക്ഷണം പുറപ്പെടുന്നത് സ്നേഹത്തിൽ നിന്നാണ് (Discipline and love must always go together). അങ്ങനെ കുഞ്ഞുങ്ങളെ ശിക്ഷണത്തിൽ വളർത്തേണ്ടത് ആവശ്യം. എന്നാൽ, മൃഗീയമായി കുഞ്ഞുങ്ങളെ ശിക്ഷിക്കുന്നവർ ഉണ്ട്. ആ ശിക്ഷണം സ്നേഹത്തിൽ നിന്ന് ഉത്ഭവിക്കുന്നതല്ല; മറിച്ച് കോപത്തിൽ നിന്നും ക്രൂരതയിൽ നിന്നും ഉത്ഭവിക്കുന്നതാണ്. കോപിച്ചിരിക്കുമ്പോൾ ഒരിക്കലും മക്കൾക്കു ശിക്ഷണം നൽകരുത്. കോപം ശമിച്ചതിനുശേഷം മാത്രമേ അവരുടെ മേൽ ശിക്ഷണം നടപ്പിലാക്കാവു. പല മാതാപിതാക്കളും ശിക്ഷണം നടത്തുന്നതോടൊപ്പം തന്നെ ശാപവാക്കുകളും പറയും. "നിന്നെ ഞാൻ അടിച്ചു കൊല്ലും, നിന്നെ കൊന്നു കുഴിച്ചു മൂടും; ഈ വീട്ടിൽ നിന്നെ ഇനി കണ്ടുപോകരുത്, നീ പൊയ്ക്കോ; മേലാൽ ഈ വീട്ടിലോട്ട് വന്നു പോകരുത്, നീ ഒരുത്തൻ മൂലമാണ് ഈ വീട് ഗതിപിടിക്കാത്തത്" തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം. ഇതുപോലെയുള്ള പ്രസ്താവനകൾ ഒരിക്കലും മക്കളെ നോക്കി പറയരുത്. പിതാവ് അധികാരമുള്ളവനാകുന്നു. പിതാവു പറയുന്ന വാക്കുകൾ ഒരു പ്രവചനം പോലെയാണ്. അതു മക്കളിൽ നിറവേറും. അതിനാൽ ശിക്ഷിക്കുമ്പോഴും മക്കളെ അനുഗ്രഹിക്കുന്ന വാക്കുകൾ മാത്രം പറയുക. ശാന്തമായി അവരെ ഉപദേശിക്കുക. തങ്ങളുടെ നന്മയാണ് ഈ ശിക്ഷണത്തിലൂടെ പിതാവിന്റെ ആത്യന്തിക ഉദ്ദേശ്യമെന്നു കുട്ടികൾക്കു മനസ്സിലാകും.

ഒരിക്കൽ ഒരു യോഗത്തിൽ ഈ ഭാഗങ്ങൾ ഞാൻ പ്രസംഗിക്കുമ്പോൾ എന്റെ പ്രസംഗം പരിഭാഷ ചെയ്തുകൊണ്ടിരുന്ന സഹോദരൻ വാവിട്ടു നിലവിളിക്കുവാൻ തുടങ്ങി. പിന്നീട് എനിക്ക് പ്രസംഗിക്കുവാൻ കഴിഞ്ഞില്ല. ഒരു നല്ല പങ്ക് ആളുകളും കരഞ്ഞുകൊണ്ടിരുന്നു. യോഗാനന്തരം എന്റെ പരിഭാഷകൻ എന്നോട് പറഞ്ഞു. "എന്റെ അപ്പൻ മൃഗീയമായിട്ടായിരുന്നു എന്നെ ശിക്ഷിച്ചുകൊണ്ടിരുന്നത്. തെങ്ങിൽ കെട്ടിയിട്ട് മരക്കഷണം കൊണ്ട് അപ്പൻ എന്നെ അടിക്കുമായിരുന്നു. അടിച്ചതിനുശേഷം കെട്ടപ്പെട്ടവനായി എന്നെ ഉപേക്ഷിച്ച് അപ്പൻ പോകും. ചിലപ്പോൾ പകൽ മുഴുവനും തെങ്ങിൽ കെട്ടപ്പെട്ടവനായി ഞാൻ തുടരും. എല്ലാമോർത്തപ്പോൾ 50 വയസ്സുള്ള എനിക്ക് സഹിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് ഞാൻ വേദിയിൽ നിന്നു കരഞ്ഞു പോയത്".

> അപ്പന്റെയോ അമ്മയുടെയോ മരണം മൂലം ലഭിക്കാതെ പോകുന്ന സ്നേഹം മറ്റാർക്കും തരുവാൻ കഴിയില്ല. ഇന്നലെയും ഇന്നും എന്നെന്നേയ്ക്കും അനന്യനായ യേശുവിനു മാത്രമേ ആ സ്നേഹം നമുക്ക് നൽകുവാൻ കഴിയുകയുള്ളു

ചില മക്കളെ കൂടുതൽ സ്നേഹിക്കുന്നതു മറ്റൊരു വലിയ തെറ്റാണ്. അപ്പനു ഒരാളിനോട് സ്നേഹം കൂടുതൽ. അമ്മയ്ക്കു മറ്റൊരാളിനോടു സ്നേഹം കൂടുതൽ. മിക്ക കുടുംബങ്ങളിലും ഇത് നമുക്ക് കാണുവാൻ കഴിയും. നാലു മക്കൾ നിങ്ങൾക്കുണ്ടെങ്കിൽ എല്ലാവരെയും ഒരുപോലെ സ്നേഹിക്കുവാൻ കർത്താവിൽ നിന്നു കൃപ ചോദിക്കണം. യിസ്സഹാക്കിന്റെ കുടുംബ ജീവിതത്തിൽ അവസാന നാളുകളിലെ പ്രധാന സംഘർഷം ഇതായിരുന്നു. യിസ്ഹാക്ക് ഏശാവിനെ കൂടുതൽ സ്നേഹിച്ചു. എന്നാൽ, റിബെക്കാ യാക്കോബിനെ കൂടുതൽ സ്നേഹിച്ചു. അത് വളരെ വിപത്തുകൾ വരുത്തിവച്ചു.

പെൺകുട്ടിയായിപ്പോയതിനാൽ പിതാവിൽ നിന്ന് മുറിവേൽപ്പിക്കപ്പെട്ട ഒരു സഹോദരി തന്റെ അനുഭവം പങ്കുവച്ചു. "എന്റെ ജനന സമയത്ത് പിതാവും മാതാവും ഒരു ആൺകുട്ടിയെ ആയിരുന്നു പ്രതീക്ഷിച്ചിരുന്നത്. എന്നാൽ, ഞാൻ പെണ്ണായിപ്പോയി. വർഷങ്ങൾക്കുശേഷമാണ് എനിക്ക് ഒരു സഹോദരൻ ജനിച്ചത്. അവൻ വളർന്നതോടെ എന്നെ അവനുമായി പിതാവ് എപ്പോഴും താരതമ്യപ്പെടുത്തുമായിരുന്നു. എന്റെ സഹോദരന്റെ കഴിവുകളെ പ്രകീർത്തിക്കുകയും, പെണ്ണായ എന്നെ പരസ്യമായി അധിക്ഷേപിക്കുകയും ചെയ്യുക പതിവായിരുന്നു. പലപ്പോഴും ഞാൻ ആഗ്രഹിച്ചിട്ടുണ്ട്. ഞാൻ ഒരാണായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. എന്റെ പിതാവിന്റെ സ്നേഹം എനിക്ക് ലഭിക്കുമായിരുന്നു".

ഇത്തരത്തിലുള്ള താരതമ്യപ്പെടുത്തലുകൾ വരുത്തിവയ്ക്കുന്ന ആന്തരിക മുറിവുകൾ മനുഷ്യർക്കാർക്കും സൗഖ്യമാക്കുവാൻ കഴിയില്ല. പിതാവ് അധികാരമുള്ളവൻ (Authority Figure) ആകയാൽ സ്വന്തം പിതാവിനോട് സംഘർഷം ഉള്ളവർക്കെല്ലാം തങ്ങളുടെ ജീവിതത്തിൽ കണ്ടുമുട്ടുന്ന അധികാരസ്ഥന്മാരോടെല്ലാം സംഘർഷങ്ങൾ ഉണ്ടാകും. അധികാരങ്ങളെ വെറുക്കുന്നതിനാൽ അവർ അധികാരസ്ഥാനങ്ങൾക്കു കീ

(ശേഷം മൂന്നാം പേജിൽ)

വേദവിചാരം

## ക്രിസ്തീയ വേദശാസ്ത്രവും ന്യായവാദ ശാസ്ത്രവും



**പാസ്റ്റർ ബിജു ബഞ്ചമിൻ**

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രത്യേകത അതിന്റെ അതുല്ല്യതയാണ്. നൂറ്റാണ്ടുകളായി ക്രിസ്തു സന്ദേശത്തിനും ക്രിസ്തു മാർഗ്ഗത്തിനും എതിരായ സംശയത്തിന്റെയും ശത്രുതയുടെയും ചോദ്യശരങ്ങളെ നിർവീര്യമാക്കിക്കൊണ്ട് എതിരാളികളെ നിരായുധരാക്കിയ പാരമ്പര്യം ക്രിസ്തു മാർഗ്ഗത്തിനുണ്ട്. ക്രൈസ്തവനും അക്രൈസ്തവനും ഒരുപോലെ സുവിശേഷത്തിനും ദൈവവചനത്തിനും പിന്നിലുള്ള ചരിത്രപരവും ബൗദ്ധികവുമായ അടിസ്ഥാനങ്ങളെ അന്വേഷിക്കുവാൻ തുനിഞ്ഞിട്ടുണ്ട്. ഈ വക അന്വേഷണങ്ങൾക്കും ചോദ്യങ്ങൾക്കും വ്യക്തമായ ഉത്തരം നൽകിക്കൊണ്ട് യേശുക്രിസ്തുവിന്റെ സന്ദേശം ഇന്നും ജയകരമായി വിരാജിക്കുന്നു.

വേദശാസ്ത്ര ചിന്തകന്മാരും ന്യായവാദ നിപുണരും ഈ മേഖലയിൽ വലിയ സംഭാവനകളാണ് നൽകിയിട്ടുള്ളത്. വേദശാസ്ത്രം ദൈവം ആരെന്നും ക്രൈസ്തവ പ്രത്യാശ എന്തെന്നും വിവരിക്കുന്നു. വേദശാസ്ത്രത്തിന് കാലാകാലങ്ങളിൽ ലഭിച്ചിട്ടുള്ള നിർവ്വചനങ്ങൾ ഇതിന് തെളിവാണ്. 'ദൈവത്തെക്കുറിച്ചുള്ള സംസാരം' എന്ന കേവലമായ അർത്ഥത്തിന് ഉപരിയായ ഔന്നിത്യമാണ് ഇതര നിർവ്വചനങ്ങൾ പകർന്നു നൽകുന്നത്. ആൻസലമിന്റെ അഭിപ്രായത്തിൽ വേദശാസ്ത്രം ''ബുദ്ധി തിരയുന്ന വിശ്വാസമാണ്''. ദൈവിക ചിന്തകളെ ബൗദ്ധിക തലങ്ങളിൽക്കൂടി മനസ്സിലാക്കുക എന്നാണ് ഇതിനാൽ ഉദ്ദേശിക്കുന്നത്. വിശ്വാസ സത്യങ്ങളെ വ്യാഖ്യാനിക്കുവാൻ ബുദ്ധിയുടെ ഉപദേശം നേടേണ്ടതുണ്ടോ എന്നു ചോദിച്ചേക്കാം. എന്നാൽ, വേദശാസ്ത്രം ബുദ്ധിയുടെ മാത്രം പ്രവർത്തനം അല്ല മറിച്ച് അത് അടിസ്ഥാനപരമായും വിശ്വാസത്തിന്റെ പ്രവർത്തിയാണ്. അങ്ങനെ വേദശാസ്ത്രം വിശ്വാസത്തിന്റെ ശാസ്ത്രമാണ്.

അക്വന്റെനിലെ പ്രൊസ്ചർ എന്ന സന്യാസിയുടെ ചിന്തയിൽ വേദശാസ്ത്രം പ്രാർത്ഥനയുടെ നിയമമാണ്. പ്രാർത്ഥനയുടെ നിയമമാണ് വിശ്വാസത്തിന്റെ നിയമം എന്ന് താൻ സമർത്ഥിച്ചു. പൗരസ്ത്യ സഭയുടെ വേദശാസ്ത്ര വ്യാഖ്യാനം കൂടിയായിരുന്നു അത്. യാഥാർത്ഥ്യങ്ങളുടെ വിശ്വാസ പ്രതിഫലനമെന്നും വേദശാസ്ത്രത്തെ വിളിക്കുന്നു. ക്രസ്തീയ പ്രായോഗികതയുടെ വിമർശനാത്മക പ്രതിഫലനം കൂടിയാണ് വേദശാസ്ത്രം. വേദശാസ്ത്രം വ്യാഖ്യാന ശാസ്ത്രവും ക്രിസ്തു കഥയുടെ വിശദീകരണവും കൂടിയാണ്. ഈ അർത്ഥ തലങ്ങളിലൂടെയെല്ലാം പ്രായോഗികതയുടെയും കാവൽ ഭടനായി നിലകൊള്ളുന്നു.

വേദശാസ്ത്രത്തിന്റെ ഇരട്ട സഹോദരൻ/സഹോദരിയാണ് ന്യായവാദ ശാസ്ത്രമെന്ന് ഒരർത്ഥത്തിൽ പറയാം. രണ്ട് തലങ്ങളിൽ നിന്നുകൊണ്ട് വിശ്വാസത്തെ സംരക്ഷിക്കുവാൻ രണ്ട് മേഖലകളും പ്രവർത്തിക്കുന്നു. എതിരാളികളുടെ ബൗദ്ധികമായ ആക്രമണങ്ങൾക്കെതിരായി ക്രിസ്തീയ വിശ്വാസത്തെ ക്രമീകൃതമായും, ബുദ്ധിപരമായും, ശസ്ത്രീയമായും, ദാർശനികമായും സംരക്ഷിക്കുന്നതിനെയാണ് ക്രിസ്തീയ ന്യായവാദ ശാസ്ത്രം എന്നു പറയുന്നത്. അതിന്റെ അടിസ്ഥാനം ദൈവവചനമാണ്. "നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ട് പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ" (1പത്രൊസ് 3:15) എന്ന് നാം വായിക്കുന്നു. പ്രതിവാദം പറയുക എന്നതിന് ഉപയോഗിച്ചിരിക്കുന്ന യവനായ പദം 'അപോളജിയ' എന്നാണ്. ഇതേ പദം തന്നെ ഫിലിപ്പ്യ ലേഖനത്തിൽ സംരക്ഷിക്കുക എന്ന അർത്ഥത്തിലാണ് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത് (ഫിലി. 1:16).

പ്രിയരെ, നമുക്ക് പൊതുവിലുള്ള രക്ഷയെക്കുറിച്ച് നിങ്ങൾക്ക് എഴുതുവാൻ സകല പ്രയത്നവും ചെയ്കയിൽ വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടേണ്ടതിന് പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യം എന്ന് എനിക്ക് തോന്നി (യൂദാ 3). ക്രിസ്തീയ ന്യായവാദത്തിന്റെ പ്രസക്തിയാണ് ഈ വാക്യം ഉദ്ധരിക്കുന്നത് (കൊലൊ. 4:6; തിത്തൊസ് 1:9) എന്നീ വചനങ്ങളിലും നമുക്ക് ഇത് മനസ്സിലാക്കുവാൻ കഴിയും.

ക്രിസ്തീയ വിശ്വാസത്തിലും ഉപദേശത്തിലും അനവധി ദുരപദേശങ്ങളും അതിക്രമങ്ങളും വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ദൈവിക ചിന്തകളും അനുഗ്രഹത്തെക്കുറിച്ചുള്ള വീക്ഷണങ്ങളും വഴിതെറ്റിപ്പോകുന്ന ഒരു പ്രത്യേക സാഹചര്യത്തിൽ വേദശാസ്ത്രത്തിനും ന്യായവാദശാസ്ത്രത്തിനും വേണ്ട പ്രാധാന്യം വളരെ വലുതാണ്. ക്രൈസ്തവ ഗോളത്തിൽ ഇന്ന് പ്രസംഗങ്ങൾ അനവധിയാണ്. എന്നാൽ, വേദശാസ്ത്രപരമായ വ്യാഖ്യാനങ്ങളും വിശ്വാസ ഉപദേശങ്ങളുടെ സംരക്ഷണവും വളരെ വിരളമാണ്. ആത്മീയ ഉപദേശങ്ങളിലെ അപചയങ്ങൾ ഇതിന്റെ പരിണിത ഫലങ്ങളാണ്. വേദശാസ്ത്രത്തിന്റെയും ന്യായവാദ ശാസ്ത്രത്തിന്റെയും പ്രത്യക്ഷമായ തിരസ്ക്കരണം നാം കണ്ടുവരുന്നു. ദൈവസഭ ഈ സത്യങ്ങൾ മനസ്സിലാക്കി വേദശാസ്ത്ര പരിശീലനത്തിനും ന്യായവാദ ശാസ്ത്രം പ്രോത്സാഹിപ്പിക്കുന്നതിലും മുന്നിട്ടിറങ്ങണം. ആരേയും വേദനിപ്പിച്ചുകൊണ്ടും, തരംതാഴ്ത്തിയുമല്ല, സാകല്ല്യേന ബോധത്തോടും പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശത്തോടും കൂടി വേണം ഇത് ചെയ്യുവാൻ.



## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
5. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
6. വിശ്വാസി പബ്ളിക്കേഷൻസ്
7. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

INDIAN CHRISTIAN MISSION
87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009
Ph: (011)- 27658810, E-mail: icm4india@yahoo.com, Website: www.indianchristianmission.com


*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*